# ശബരി H S S
# പള്ളിക്കുറുപ്പ്







## ദളം

SABARI
Towards a Better Tomorrow




# പ്രാർത്ഥന

നിർമല സ്നേഹത്തിൻ ചൈതന്യമേ
നിത്യനന്ദത്തിൻ പൊരുളെ വിജ്ഞാന
ദീപമായ് കരുണാമയനായ്
മനതാരിൽ നിറയൂ ജ്യോതിസ്വ്രൂപമേ

അജ്ഞത നീക്കൂ അല്ലലകറ്റൂ....
അറിവിന്റെ കിരണങ്ങൾ ചൊരിയൂ
 അക്ഷരദീപം തെളിയിക്കൂ
നിത്യനിരാമയ ജീവിതമേകൂ

ഒരുമതൻ പാതയിലൂടെ നയിക്കൂ
നന്മതൻ മലരായ് വിരിയിക്കൂ
സൗഹൃദസ്നേഹം നിറയട്ടെ
മാനവസ്നേഹം ഉദിക്കട്ടെ

നിർമല സ്നേഹത്തിൻ ചൈതന്യമേ
നിത്യനന്ദത്തിൻ പരം പൊരുളേ
 വിജ്ഞാനദീപമായി
കരുണാമയനായ് മനതാ രിൽ നിറയൂ ജോതി സ്വ ്രൂപമേ.......



പുലരും മുമ്പേ
പണിക്കിറങ്ങുന്നതു കൊണ്ടാണ്
ഉമ്മറക്കോലായിൽ
കുഞ്ഞുങ്ങളുടെ
കളിചിരി കൾ
ശൂന്യ മാകുന്നതെന്ന്
അമ്മ കരുതിക്കാണും

പണി കഴിഞ്ഞ്
കയ്യിൽ കരുതിയ
എണ്ണക്കടികൾ കൈമാറുമ്പോഴാണ്
കുഞ്ഞിക്കൈകളുടെ
തണുപ്പേറി വരുന്നല്ലോയെന്ന്
അച്ഛൻ സന്ദേഹിച്ചത്

പൊടി പിടിച്ച ബൾബിലെ
മങ്ങിയ വെളിച്ചം കൊണ്ടാവാം
കുഞ്ഞിക്കണ്ണിലെ
നീലിമയിരുണ്ട്
ഒരു ചാരം നിറം പൂണ്ടല്ലോ
എന്ന്
അച്ഛനുമമ്മയും
അടക്കം പറഞ്ഞത്

ഉമ്മറക്കോലായിൽ
കിലുങ്ങി നിറഞ്ഞിരുന്ന
കുപ്പിവളക്കിലുക്കങ്ങൾ
വീടിൻറെ
ഇരുണ്ട മൂലയിലെങ്ങോ
ഉടഞ്ഞു പോയത് '
അച്ഛനുമമ്മയ്ക്കും
പെറുക്കിയെടുക്കാനുമായില്ല

പിന്നീടെപ്പോഴോ
കുഞ്ഞുങ്ങളുടെ
കളിചിരികൾ
നഷ്ടപ്പെട്ടതെങ്ങെന്ന്
അമ്മ തിരയുമ്പോഴാണ്
പുരയുടെ മോന്തായത്തിലൊരു
കുഞ്ഞു ദേഹം
ഉത്തരം കിട്ടാത്തൊരു
ചോദ്യം പോലെ
തൂങ്ങിയാടുന്നത് കണ്ടത്

# ദൂരവും സമയം


ദൂരവും സമയവും
ചുരുങ്ങിപ്പോയിരിക്കുന്നു
കാലത്തിനു മുന്നേ
നടക്കുന്നവർ
ദൂരങ്ങൾ
കീഴടക്കിക്കൊണ്ട്
സമയത്തെ
കടന്നുപോകുന്നു
ഭൂമി ഒരു കുമ്പിളിലേക്ക്
ചുരുങ്ങുമ്പോൾ
നിൽക്കാനിടമില്ലാതെ
മനുഷ്യർ
കാലിടറി വീഴുന്നു
ആരെയും
കാത്തുനിൽക്കാതെ
കാലം കടന്നു പോകുമ്പോൾ
സമയം നിശ്ചലമാകുന്നു

# പൂച്ചയും കോഴിയും

ഒരു ദിവസം കുട്ടിൽ രണ്ട് കോഴികൾ ഉണ്ടായിരുന്നു വിശപ്പ് സഹിക്കാനെകാതെ അവർ പുറത്തേക്ക് ഇറങ്ങി അവർ കൊത്തി പെറുക്കുകയായിരുന്നു പെട്ടന്ന് പുറകിൽ നിന്ന് ഭീകരമായ ശബ്ദം കോഴികൾക്ക് ഭയമായി പെട്ടെന്ന് അവർ കൊക്കി പാറാൻ തുടങ്ങ പാറുന്നതിനിടെ അവരുടെ സുഹൃത്തിനെ അവർ കണ്ടത് അവന്റെ പേര്
ചെമ്പൻ ചെമ്പാ നീ ഞങ്ങൾക്ക് ഒരു സഹായം ചെയുമോ ഞാൻ ചെയ്യലോ എന്ന് അവൻ പറഞ്ഞു കണ്ടൻ പൂച്ച ഞങ്ങളെ വെറുതെ ഉപദ്രവിക്കുന്നു ചെമ്പൻ അവന്റ അടുത്തേക്ക് പോയി നീ ഇനി ഇവരെ ശൈല്യ പൊടുത്തരുത് അല്ലെങ്കി ഞാൻ നല്ല മാന്ത് വച്ചു തരു കണ്ടൻ പൂച്ച പേടിച്ചു കണ്ടൻ പൂച്ച പോയി കോഴികൾ ചെമ്പൻ അടുത്ത് നന്ദി പറഞ്ഞു എന്നിട്ട് അവർ യാത്രയായി കഥ ഇവിെ അവസാനിച്ചിരിക്കുന്നു

# മഴത്തുള്ളികൾ

നനു നനുത്ത കുളിരാർന്ന പ്രഭാതം. പളുങ്കുമണി പോലെമിന്നുന്ന തുഷാര കണികകൾ മുത്തമിട്ട ഇലപ്പടർപ്പുകളിലൂടെ ചാറ്റൽ മഴത്തുള്ളികൾ ഇറ്റിറ്റു വീണു കൊണ്ടിരുന്നു ഉറക്കച്ചടവിലായിരുന്ന മഞ്ഞുതുള്ളികൾ പരിഭവിച്ചു .... വെളുപ്പാൻ കാലത്ത് ഇലകളിൽ പറ്റിപ്പിടിച്ചിരുന്നു ചൂടേല്ക്കുമ്പോഴാണ് മഴത്തുള്ളികളുടെ ഒരു കിന്നാരം. ആരാ നിങ്ങളോടിപ്പോൾ ഞങ്ങളെ തഴുകി ഉണർത്താൻ പറഞ്ഞത്? മഞ്ഞുകണങ്ങൾ പരിഭവത്തോടെ ചോദിച്ചു കുഞ്ഞിക്കണ്ണുകൾ തുറന്നുനോക്കിയപ്പോൾ അരുണകിരണങ്ങൾ ഒളിമിന്നുന്നുണ്ടായിരുന്നു. ഹായ് ....എന്തുരസാ .... പ്രകൃതിയെ കാണാൻ........ പക്ഷെ ഈ മഴത്തുള്ളികൾ എന്താ ഇങ്ങനെ?..... ഓഹോ ഞങ്ങളില്ലെങ്കിൽ ഇപ്പോൾ കാണാമായിരുന്നു പളുങ്കുമണികളെ നിങ്ങടെ രസമൊക്കെ?....... ആ കാണുന്ന മിന്നുന്ന നിങ്ങൾക്കു ചൂടു തരുന്ന കതിരോനുണ്ടല്ലോ നിങ്ങളേം താഴെ വീഴ്ത്തിയേനെ....... ..അമ്മേ ഇങ്ങു വന്ന് ഇതൊക്കെ ഒന്നു കാണു.....കണ്ണൻ കുട്ടീടെ വിളി കേട്ട് പുതപ്പിനുള്ളിൽ നിന്നും പുറത്തു വന്നു നോക്കി. തണുത്ത ഇളം കാറ്റു കൂടി വീശിയപ്പോൾ കുളിർ മഞ്ഞിൽ കോരിത്തരിച്ചു...... ശരിയാ .... എന്തു ചാരുതയാണീ പുലർവേള ...... വിരൽ തുമ്പാൽ മഞ്ഞിൻ കണങ്ങളെ തലോടി ....... അപ്പോഴതാ മഞ്ഞുതുള്ളിയിൽ കുളിച്ച് തേൻ തുള്ളി നിറഞ്ഞ് പുഞ്ചിരിക്കുന്ന.. : കുഞ്ഞു മലരുകൾ....... തലതാഴ്ത്തി അവയെകൈചേർത്തു സുഗന്ധംപിടിച്ചപ്പോൾ സൂര്യാംശുവിനോടൊപ്പം തേൻ തുള്ളിയും മഞ്ഞുതുള്ളിയും കവിളിണകളിൽ ഇക്കിളിയാക്കി ..... മഴത്തുള്ളികൾ വീണിട്ടാണെന്നു തോന്നുന്നു തേൻ തുള്ളികളുടെ മധുരം കുറഞ്ഞിരിക്കുന്നു ....... തേനിനു മധുരം കുറയുമോ? ഇല്ലല്ലോ ..... തോന്നിയതാവും ...... മഴത്തുള്ളിയാണോ കാരണം ? ....എയ് അല്ല. മഴത്തുള്ളി ഇല്ലെങ്കിൽ എന്താന്ന് ഇപ്പോൾ അനുഭവിക്കുന്നില്ലേ?....... ശരിയാ മഴത്തുള്ളിയെ കുറ്റം പറയേണ്ട ട്ടോ......... തേനുണ്ടാവാനും മധുരം ഉ ണ്ടാവാനും .... കുളിരുണ്ടാവാനും ..... പൂക്കളുണ്ടാവാനും ..... വെള്ളം ഉണ്ടാവാനുമെല്ലാം മഴത്തുള്ളി കൂടിയേ തീരൂ.അപ്പോൾ തേൻ കണങ്ങൾക്ക് മാധുര്യം കൂടട്ടെ ...... മഞ്ഞിൻ കണങ്ങൾ പളുങ്കുപോൽ തിളങ്ങട്ടെ ....... മഴത്തുള്ളികൾക്ക് ശക്തിയുണ്ടാകട്ടെ ........ പ്രകൃതി പൂത്തുലഞ്ഞ് വർണ്ണാഭമാകട്ടെ .





എന്റെ വെണ്ണയെവിടെ?

എന്റെ കണ്ണാ .......

. അമ്മേ ........ ആരാ കണ്ണനാണോ?..... അതെ .... അമ്മയ്ക്ക് എന്താ ത്ര സംശയം? എന്താ അമ്മേ ഇന്ന് വിശേഷിച്ച് ഉണ്ടാക്കിയിട്ടുള്ളത്? എന്തു വേണേലും തരാലോ കണ്ണാ...... .....ന്നാൽ എനിക്ക് വെണ്ണ മതി ട്ടോ...... കൊതിയാവുന്നു ....... എന്റെ കണ്ണാ നിന്റെ വെണ്ണക്കൊതി ഇനിയും മാറിയില്ലേ?...... അമ്മേ അമ്മയ്ക്കറിയോ? എന്തൊരു സ്വാദാ വെണ്ണയ്ക്ക് ? കഴിക്കുന്തോറും സ്വാദല്ലേ.? പിന്നെ എങ്ങനെ അത് മതിയാവുക? ഉം... തരാലോ.........എന്താ വെണ്ണ എന്ന് പറയുമ്പോൾ തന്നെ ഒരു മുഖ പ്രസാദം !..... ഒരു ... കുസൃതിച്ചിരി !..... ഒരു കള്ളനോട്ടം! സർവ്വദുഃഖനിവാരണിയായ ആ പാൽ പുഞ്ചിരിയുണ്ടല്ലോ കണ്ണാ...... എല്ലാവരേയും ആകർഷിക്കുന്ന ..... ആ തുടുത്ത കവിളിണകളിൽ അതി മനോഹരം തന്നെ......പിന്നെ ആ താമരക്കണ്ണുകൊണ്ടുള്ള നോട്ടം ണ്ട ലോ ....എന്താ രസം? എന്തൊരു കാരുണ്യാ ..... ആ കടാക്ഷങ്ങളിൽ ...... ഈ ലോകം മുഴുവനും അത് എത്തുന്നുണ്ടല്ലോ ......... കൺപീലികളങ്ങനെ കരുണാർദ്രമായി തന്നെ ഇളകിക്കൊണ്ടിരിക്കുന്നുണ്ട്...... കണ്ണാ.. നല്ല നോട്ടം തന്നെ .......പിന്നെ ആ പീലിത്തിരുമുടി എന്തു ഭംഗിയായിട്ടാ ട്ടോ തലയില് കെട്ടിവച്ചിരിക്കുന്നത് ....... ആ തിരുമുടിക്കെട്ടിലും മയിൽപ്പീലി കണ്ണുകളിലും പൊൻകിരീടത്തിലും ....... സർവ്വ സൗന്ദര്യവും .....ലോക സൗന്ദര്യം മുഴുവൻ ഉദിച്ചുയരുന്നുണ്ടേ ....... ആ ഭ്രുകുടി മധ്യത്തിലെ ..... ഇന്ദു ശോഭയാർന്ന ... തിരുനെറ്റിത്തടത്തിലെ ഗോപിക്കുറിയോ ? പരമാത്മചൈതന്യം മുഴുവനായി അങ്ങട് ....തിളങ്ങല്ലേ? പിന്നെ കണ്ണാ ...... ആ പുരികക്കൊടികളുടെ വിലാസങ്ങളുണ്ടല്ലോ ....എന്താന്നാ പറയാ ...... കൃഷ്ണമണികളുടെ കാന്തി കൂട്ടുന്നുണ്ട് ട്ടോ........ അതുപോലെ ആചെമ്പൊണ്ടിപ്പൂവിനെ പോലും വെല്ലുന്ന മൃദുലമായ അധരങ്ങളുണ്ടല്ലോ....... അതിൽ വിരിയുന്ന മന്ദഹാസം .... കണ്ണാ ആരും നോക്കിയിരിക്കും ...... എല്ലാ വിഷമവും പറപറക്കും ട്ടോ. കർണ്ണങ്ങളിലണിഞ്ഞ ആ മകരകുണ്ഡലങ്ങളോ?........ കവിളിനും മന്ദഹാസത്തിനും ... പതിൻ മടങ്ങ് ശോഭയേകുന്നു...... ഉയർന്നു നിലക്കുന്ന നാസികയും മനോഹരം തന്നെ ......പിന്നെ ആ ചുണ്ടിൽ വെച്ചഓടക്കുഴലുണ്ടല്ലോ. ..... തോൾ വളകളുടെ കാന്തിപകർന്ന....... രത്നശോഭിതമായ തൃക്കൈകളെക്കൊണ്ട് തലോടിയ ...... ......പറയാതിരിക്കാൻ വയ്യ....ആമധുരമുരളീരവം......ഗോപസ്ത്രീകളെയൊക്കെ ആനന്ദ സാഗരത്തിൽ ആറാടിച്ച ....ആനാദബ്രഹ്മം .....കാതുകളിലും ഹൃദയത്തിലും ഇമ്പവും താളവും മാധുര്യവും സൃഷ്ടിക്കുന്നുണ്ട് ട്ടോ......... കൗസ്തുഭരത്നത്താൽ തിളങ്ങുന്ന കോമള കണ്ഠം ....... സമസ്ത ലോകത്തേയും ആവാഹിച്ച .......വനമാലയും ശ്രീവത്സവും ... തിളങ്ങുന്ന മാറിടത്തിൽ പൊൻ പ്രഭയങ്ങനെ ആറാടുകയല്ലേ?....... ശംഖം, ചക്രം, ഗദ, താമര എന്നിവയോടുകൂടിയ ...... സജ്ജനങ്ങളെ അനുഗഹിക്കുകയും ദുഃഷ്ടന്മാരെ നിഗ്രഹിക്കുകയും ചെയ്യുന്ന ........ മനോഹരമായ തൃക്കൈകൾ ......... ആ പൊന്നു കരങ്ങൾ കൊണ്ട് അമ്മയെ ഒന്നു തലോടണേ ....... അനുഗ്രഹിക്കണേ ......... കണ്ണാ ...... അവിടുത്തെ പൊക്കിൾക്കൊടിയിൽ നിന്നും ഉയർന്നുവന്ന ബ്രഹ്മാവു പോലും അന്തം വിട്ടില്ലേ .... കണ്ണാ .......നിന്റെ ഈ മായ ഒക്കെ കണ്ടിട്ട്? മഞ്ഞപ്പട്ടുടയാടയാൽ ചുറ്റപ്പെട്ട ആ തൃത്തുടകൾ .... ബ്രഹ്മാണ്ഡങ്ങൾ ലയിച്ചു കിടക്കുന്ന അരക്കെട്ട് ..... കിങ്ങിണിയും പൊന്നരഞ്ഞാണവും ..... ഒക്കെ . ഉണ്ടല്ലോ........ മഹാക്ഷേമം തന്നെ ......പിന്നെ കണ്ണാ ......ചെന്താമരപ്പൂ പോലെ മൃദുലവും കോമളവുമായ ആ തൃപ്പാദങ്ങൾ ഉണ്ടല്ലോ ....... മഹാബലിക്കൊക്കെ മോക്ഷം നല്കിയ .. മോക്ഷം പ്രാപിച്ചവരുടെ നിവാസസ്ഥാനമായ...... ആ കുഞ്ഞുതൃപ്പാദങ്ങളിൽ ഞാനിതാ ..... നമസ്ക്കരിക്കുന്നു ....... കല്പവൃക്ഷത്തിന്റെ തളിരായ അവിടുത്തെ ഉള്ളംകാൽ ....... അങ്കുശവും ധ്വജവും ശംഖും താമരയും ...ഒക്കെ പതിഞ്ഞ ആ കുഞ്ഞിക്കാൽ എന്നും .....എന്റെമനസ്സിൽ ഓർമ്മയുണ്ടാവണേ.......... ആ പാദങ്ങളിൽകുമ്പിടാൻ മനസ്സുണ്ടാവണേ ....... എല്ലാവരേയും അനുഗ്രഹിക്കണേ....... കൃഷ്ണാ ..... ഗുരുമായുരപ്പാ ...... അമ്മേ ....എന്നെ ധ്യാനിച്ചു കൊണ്ടു നില്ക്കുകയാണോ? എത്ര നേരായി ? വിശന്നിട്ടു വയ്യ ..... എന്റെ വെണ്ണയെവിടെ? കണ്ണാ ........... ദാ... ആ വായ ഒന്ന് പൊളിച്ചോളൂ ....... അമ്മ തന്നെ തരാം ട്ടോ....... കൃഷ് ണാ ...... ഗുരുവായുരപ്പാ ....... ഈ കോമളരൂപം ...... എല്ലാവരുടെ മനസ്സിലും തെളിയട്ടെ......... ഭക്തിയും മുക്തിയും നല്കട്ടെ .........

# ശുഭം